## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 22.07.2015-ൽ മറുപടിക്ക്

ചോദ്യം നം. 457 *

## മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക്ക് കാർഡുകൾ നല്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വി.ഡി.സതീശൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക്ക് കാർഡുകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സംസ്ഥാനത്തെ 1,17,019 മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.<br>ഐ.ടി.ഐ. പാലക്കാടാണ് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് തയ്യാറാക്കി നൽകുന്നത്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശി ക്കുന്നത്; വിശദീകരിക്കുമോ ; | (ബി) | ഭാരതത്തിലെ തീരദേശങ്ങളുടെ സുരക്ഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾക്ക് പകർപ്പ് എടുക്കാൻ പറ്റാത്ത വിധമുള്ള ബയോമെട്രിക് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. രാജ്യസുരക്ഷയുടെ ഭാഗമായാണ് കേന്ദ്ര സർക്കാർ തിരിച്ചറിയൽ കാർഡ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതിയ്ക്ക് രൂപം കൊടുത്തത്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുമ്പോൾ ബയോമെട്രിക് തിരിച്ചറിയൽ കാർഡ് കൈവശം വയ്ക്കേണ്ടതും സുരക്ഷ ഏജൻസികൾ പരിശോധന നടത്തുമ്പോൾ ഇവ ഹാജരാക്കേണ്ടതുമാണ്. മത്സ്യത്തൊഴിലാളികളെ തിരിച്ചറിയുന്നതിന് ഈ കാർഡ് അത്യന്താപേക്ഷിതമാണ്. കൂടാതെ സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളായ തണൽ മുതലായവയുടെ ആനുകൂല്യം നൽകുന്നതും ബയോമെട്രിക് തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിലാണ്. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി കേന്ദ്ര ധനസഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു.<br>മത്സ്യത്തൊഴിലാളികളുടെ വിവരശേഖരണം നടത്തുന്നത് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും വിവരങ്ങൾ ലഭ്യമാക്കിയ മത്സ്യത്തൊഴിലാളികളുടെ ഫോട്ടോയും ഫിംഗർപ്രിന്റും എടുക്കുന്ന പ്രവൃത്തി ഐ.ടി.ഐ പാലക്കാട് എന്ന കേന്ദ്ര സർക്കാരിന്റെ കീഴി |

| | | | |
|---|---|---|---|
| | | | ലുള്ള പൊതുമേഖലാ സ്ഥാപനവുമാണ് ചെയ്യുന്നത്.<br>ഐ.ടി.ഐ പാലക്കാട് തയ്യാറാക്കുന്ന ബയോമെട്രിക് തിരിച്ചറിയൽ കാർഡ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നു. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | രാജ്യരക്ഷയുടെ ഭാഗമായി ഭാരതത്തിലെ തീരദേശങ്ങളുടെ സുരക്ഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഐ.ടി.ഐ. പാലക്കാടുമായി സഹകരിച്ചാണ് ബയോമെട്രിക് കാർഡുകൾ തയ്യാറാക്കുന്നത്.<br>2009-10 കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികളുടെ (അനുബന്ധത്തൊഴിലാളികൾ ഉൾപ്പടെ) വിവരശേഖരണം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിർവ്വഹിക്കുകയുണ്ടായി. വിവരശേഖരണം നടത്തിയ 2,36,729 പേരിൽ 2,29,247 പേരുടെ ബയോമെട്രിക് ഡാറ്റാ എൻട്രി ഐ.ടി.ഐ പാലക്കാട് നിർവ്വഹിക്കുകയും 1,72,557 ബയോമെട്രിക് ഐഡന്റിറ്റി കാർഡ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഐ.ടി.ഐ പാലക്കാട് തയ്യാറാക്കി നൽകിയ 1,72,557 കാർഡുകളിൽ 1,71,019 ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.<br>ബാക്കിയുള്ളവർക്ക് കാർഡ് വിതരണം ചെയ്യുന്നതിനും പ്രസ്തുത കാർഡിനായി വിവരശേഖരണത്തിന് അപേക്ഷ നൽകാത്തവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനും, ആയതിന്റെ ബയോമെട്രിക് ഡേറ്റാ എൻട്രി ഐ.ടി.ഐ പാലക്കാട് മുഖാന്തിരം ചെയ്യുന്നതിനും ആവശ്യമായ നടപടി രണ്ടാം ഘട്ടപ്രവർത്തനത്തിൽ പുരോഗമിച്ചു വരുന്നു.<br>ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതിയ്ക്കായി 112 ലക്ഷം രൂപ കേന്ദ്ര സർക്കാർ ഫിഷറീസ് വകുപ്പിന് അനുവദിക്കുകയും 111.20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ